ഇ.എം.(1) 3379/2011

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി :25.02.2011

# സർക്കുലർ നമ്പർ: 20/2011

വിഷയം: സഹകരണ വകുപ്പ് – 1969 ലെ കേരള സഹകരണ സംഘം ചട്ടം 185 ഉപചട്ടം (1) - സഹകരണ സംഘം ജീവനക്കാരുടെ ഉദ്യോഗക്കയറ്റം, വാർഷിക ഇൻക്രിമെന്റ് – ഹ്രസ്വകാല പരിശീലന പരിപാടി/കോഴ്സ് – മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന:
1. 2010 ലെ കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) ചട്ടങ്ങളും തുടർന്നുള്ള ഭേദഗതികളും.
2. സർക്കാരിന്റെ 08/02/2011 ലെ ജി.ഒ.(പി)21/2011/സഹ. നമ്പർ ഉത്തരവ്.

**I.** 1969 ലെ കേരള സഹകരണ സംഘം നിയമം ചട്ടം 185 ഉപചട്ടം (1) ൽ നാലാം പ്രൊവിസോ ആയി സൂചന (1) പ്രകാരം നിലവിൽ വന്ന ഭേദഗതി പ്രകാരം സഹകരണ സംഘങ്ങളിലെ യാതൊരു ജീവനക്കാരനും, ടിയാൻ സേവനമനുഷ്ടിക്കുന്ന സംഘത്തിന്റെ ലക്ഷ്യങ്ങൾക്ക്/ പ്രവർത്തനങ്ങൾക്ക് അനുഗുണമായ വിഷയങ്ങളില് ചുവടെ പറയുന്ന സ്ഥാപനങ്ങൾ നടത്തുന്ന ഒരു ഹ്രസ്വകാല പരിശീലന പരിപാടി/കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നതു വരെ അടുത്ത ഉയർന്ന തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകാൻ പാടില്ലാ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപ്രകാരം പരിശീലനം നൽകുന്നതിനായി മേൽ ചട്ടം ഭേദഗതികളിലൂടെ ചുമതലപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ ചുവടെ പ്രതിപാദിക്കുന്നു.

**എ) <u>ഹ്രസ്വകാല വായ്പാ സംഘങ്ങൾ (Short-term credit structure):-</u>**

1. അഗ്രികൾച്ചറൽ കോ–ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ACSTI)
   അല്ലെങ്കിൽ
2. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ–ഓപ്പറേറ്റീവ് മാനേജ്മെന്റ്, തിരുവനന്തപുരം/കണ്ണൂർ
   അല്ലെങ്കിൽ
3. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മേക്കിംഗ് ദി ബെസ്റ്റ് (KIMB), ആലപ്പുഴ

**ബി) <u>ദീർഘകാല വായ്പാ സംഘങ്ങൾ (Long-term credit structure):-</u>**

1. സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് അഗ്രികൾച്ചറൽ ആന്റ് റൂറൽ ഡെവലപ്പ്മെന്റ് ബാങ്കിന്റെ സ്റ്റാഫ് ട്രയിനിംഗ് കോളേജ്
   അല്ലെങ്കിൽ
2. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മേക്കിംഗ് ദി ബെസ്റ്റ് (KIMB), ആലപ്പുഴ

**സി) <u>മറ്റ് സംഘങ്ങൾ (Other Societies):-</u>**

1. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ–ഓപ്പറേറ്റീവ് മാനേജ്മെന്റ്, തിരുവനന്തപുരം/കണ്ണൂർ.
   അല്ലെങ്കിൽ
2. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മേക്കിംഗ് ദി ബെസ്റ്റ് (KIMB), ആലപ്പുഴ.
   അല്ലെങ്കിൽ
3. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ–ഓപ്പറേറ്റീവ് മാനേജ്മെന്റ്, നെയ്യാർഡാം.

(i) കൂടാതെ സഹകരണ സംഘങ്ങളിലെ മിനിസ്റ്റീരിയൽ കേഡറിലുള്ള ജീവനക്കാർക്ക് മേൽ പ്രതിപാദിച്ച സ്ഥാപനങ്ങളിൽ നിന്നോ സഹകരണ സംഘം രജിസ്ട്രാർ അംഗീകരിച്ച മറ്റ് സ്ഥാപനങ്ങളിൽ നിന്നോ ഹ്രസ്വകാല പരിശീലനം നൽകുന്നതിനായി, മൂന്ന് വർഷത്തിൽ ഒരിക്കൽ സംഘം ഭരണസമിതി നിയോഗിക്കേണ്ടതാണെന്നും ടി പരിശീലനത്തിൽ പങ്കെടുക്കുന്നതിൽ നിന്നും യാതൊരുവിധ ഇളവും സർക്കാരോ/സഹകരണ സംഘം രജിസ്ട്രാറോ/ഭരണസമിതിയോ നൽകുവാൻ പാടില്ലാത്തതുമാണെന്നും മേൽ ചട്ടപ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ii) കൂടാതെ മേൽ പ്രകാരമുള്ള ഹ്രസ്വകാല പരിശീലന പരിപാടിയിൽ പങ്കെടുക്കാത്ത ജീവനക്കാർക്ക് നാലാം വർഷത്തിനു ശേഷമുള്ള വാർഷിക ഇൻക്രിമെന്റ് അനുവദിക്കേണ്ടതില്ലാത്തതാണെന്ന് മേൽ ചട്ടം ഭേദഗതിയിലൂടെ നിഷ്ക്കർഷിച്ചിട്ടുണ്ട്.

**II.** സൂചന (2) ലെ സർക്കാർ ഉത്തരവ് പ്രകാരം പരിശീലനം സംബന്ധിച്ച് ചട്ടം 185 ഉപചട്ടം (1) ലെ നാലാം പ്രൊവിസോ നടപ്പിലാക്കുന്നതിന് എല്ലാ സംഘങ്ങളേയും 02/11/2010 മുതൽ 6 (ആറ്) മാസകാലത്തേയ്ക്ക് ഒഴിവാക്കിയിട്ടുണ്ട്.

**III.** സഹകരണസംഘം ചട്ടം 185 (1) പ്രകാരം ഹ്രസ്വകാല പരിശീലനം നൽകുന്നത് സംബന്ധിച്ച് മേൽ സ്ഥാപനങ്ങൾ പുറപ്പെടുവിക്കുന്ന പരിശീലനകലണ്ടറിന് അനുസൃതമായി സംഘങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് തടസ്സം വരാത്തവിധം ചട്ടത്തിന് വിധേയമായി ഓരോ തസ്തികയിലുമുള്ള ജീവനക്കാരെ അവരുടെ സീനിയോരിറ്റി ക്രമത്തിൽ പരിശീലനം നൽകുന്നതിനായി സംഘം നിയോഗിക്കേണ്ടതാണ്. പരിശീലനകലണ്ടർ മേൽ സ്ഥാപനങ്ങൾ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

**IV.** ഓരോ വിഭാഗം സംഘങ്ങളിലേയും വ്യത്യസ്ഥ കേഡറിലുള്ള ജീവനക്കാരെ ഉൾപ്പെടുത്തി 3 മുതൽ 6 ദിവസം വരെ ദൈർഘ്യമുള്ള പരിശീലനം നൽകുന്നതാണ്. അതിൽ അഡ്മിനിസ്ട്രേറ്റീവ് മാറ്റേഴ്സ്, ബാങ്കിംഗ്, കേരള സഹകരണ സംഘം നിയമവും ചട്ടങ്ങളും, കസ്റ്റമർ സർവ്വീസ്, മാനേജീരിയൽ സ്കിൽസ്, ആഡിറ്റ് സംബന്ധമായ വിഷയങ്ങൾ, കുറ്റങ്ങളും ശിക്ഷകളും തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദമായ സിലബസ്, ബന്ധപ്പെട്ട പരിശീലന സ്ഥാപനങ്ങൾ സഹകരണസംഘം രജിസ്ട്രാറുടെ അംഗീകാരത്തോടെ പുറപ്പെടുവിക്കുന്നതാണ്. അപ്രകാരം പുറപ്പെടുവിക്കുന്ന സിലബസിൽ കാലോചിതമായ മാറ്റം ഭാവിയില് വരുത്തേണ്ടതുണ്ടെങ്കിൽ ആയത് സംബന്ധിച്ച് ബന്ധപ്പെട്ട പരിശീലന സ്ഥാപനങ്ങൾ പ്രൊപ്പോസൽ തയ്യാറാക്കി സഹകരണസംഘം രജിസ്ട്രാറുടെ അംഗീകാരത്തോടെ പുറപ്പെടുവിക്കാവുന്നതാണ്

**V.** സംഘങ്ങളിലെ സബ്സ്റ്റാഫ് വിഭാഗം ജീവനക്കാർക്ക് 3 ദിവസത്തെ പരിശീലനവും മിനിസ്റ്റീരിയൽ കേഡറിലെ ജീവനക്കാർക്ക് 5 ദിവസത്തെ പരിശീലനവും മാനേജീരിയൽ

കേഡറിലെ ജീവനക്കാർക്കും ചീഫ് എക്സിക്യൂട്ടീവിനും 6 ദിവസത്തെ പരിശീലനവും നൽകുന്ന താണ്.

**VI.** പരിശീലനം വിജയകരമായി പൂർത്തിയാക്കുന്ന ജീവനക്കാർക്ക് പരിശീലന സ്ഥാപനങ്ങൾ അപ്രകാരം ഒരു സർട്ടിഫിക്കറ്റ് നൽകുന്നതും അത് സംബന്ധിച്ച് ജീവനക്കാരുടെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

**VII.** ജീവനക്കാർക്ക് നൽകുന്ന പരിശീലനം സംഘങ്ങളുടെ സർവ്വോന്മുഖമായ വികസന ത്തിനും സംഘങ്ങളുടെ നല്ല ഭാവിക്കും ഗുണകരമാകുമെന്നതിനാൽ പരിശീലനം സംബന്ധമായ ഫീസ് അതാത് സഹകരണ സംഘങ്ങൾ പരിശീലനം നൽകുന്ന സ്ഥാപനത്തിന് നൽകേണ്ട താണ്.

**VIII.** പരിശീലനത്തിനുള്ള ഫീസ്, സഹകരണ സ്ഥാപനങ്ങൾ പരിശീലന സ്ഥാപങ്ങൾക്ക് ഒടുക്കിയ ശേഷം ജീവനക്കാർ പരിശീലനത്തിൽ പങ്കെടുക്കാതിരിയ്ക്കുകയോ കോഴ്സ് പൂർത്തി യാകാതിരിയ്ക്കുകയോ ചെയ്യുന്ന പക്ഷം സംഘം ചെലവാക്കിയ ഫീസ് ജീവനക്കാർ സംഘത്തി ലേയ്ക്ക് തിരികെ അടയ്ക്കേണ്ടതും, പിന്നീട് ഫീസ് ഉൾപ്പെടെ സ്വന്തം ചെലവിൽ കോഴ്സ് പൂർത്തിയാക്കേണ്ടതുമാണ്.

**IX.** പരിശീലന കാലയളവ് ഡ്യൂട്ടിയായി കണക്കാക്കേണ്ടതാണ്.

**X.** എല്ലാ വിഭാഗം സഹകരണസംഘങ്ങളിലേയും സബ്സ്റ്റാഫ് ഒഴികെ സ്റ്റെനോ, ടൈപ്പിസ്റ്റ്, ക്ലാർക്ക്, ജൂനിയർ ഇൻസ്പെക്ടർ, ജൂനിയർ അക്കൗണ്ടന്റ്, സീനിയർ അക്കൗണ്ടന്റ്, സീനിയർ ഇൻസ്പെക്ടർ എന്നിങ്ങനെ ബ്രാഞ്ച്മാനേജർ തസ്തികയ്ക്ക് താഴെയുള്ള എല്ലാ തസ്തികകളും മിനിസ്റ്റീരിയൽ കേഡറിലും, ബ്രാഞ്ച് മാനേജർ മുതൽ ചീഫ് എക്സിക്യൂട്ടീവ് തസ്തികയ്ക്ക് താഴെ വരുന്ന എല്ലാ തസ്തികകളും സൂപ്പർവൈസറി കേഡറിലും ഉൾപ്പെട്ടിരിക്കുന്നു.

ഒപ്പ്

കെ.വി.സുരേഷ്ബാബു

സഹകരണസംഘംരജിസ്ട്രാറുടെ ചുമതല
വഹിക്കുന്ന അഡീഷണൽ രജിസ്ട്രാർ
(ക്രെഡിറ്റ്)